120 (746) ഫിസിയോതെറാപ്പി കോഴ്സുകൾ ആരംഭിക്കാൻ നടപടി

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിസിയോതെറാപ്പിയിൽ യോഗ്യത നേടിയവരെ ദേശീയ/ അന്തർദേശീയ തലങ്ങളിൽ കൂടുതലായി ആവശ്യം ഉണ്ടാകുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം നേരിടാൻവേണ്ടി മെഡിക്കൽ കോളേജുകളിൽ ഫിസിയോ തെറാപ്പി ഡിഗ്രി കോഴ്സുകൾ തുടങ്ങാൻ സത്വര നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിക്കാവുന്നതാണ്.

121 (747) പി.ജി.ഡി.സി.ആർ. കോഴ്സ്

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ എവിടെയെല്ലാമാണ് പി.ജി.ഡി.സി.ആർ. എന്ന കോഴ്സ് ആരംഭിച്ചിട്ടുള്ള തെന്നും അവിടെ എത്ര സീറ്റ് വീതമാണ് നിലവിലുള്ളതെന്നും വിശദാംശ സഹിതം വെളിപ്പെടുത്തുമോ;

(ബി) ഈ കോഴ്സിൽ എത്ര സീറ്റ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ ത്തിന് സംവരണം ചെയ്തിട്ടുണ്ട്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യഥാ സമയം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഈ കോഴ്സിന് ചേർന്നിട്ടുള്ള കുട്ടി കൾക്ക് നൽകുന്നില്ല എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാ ക്കുമോ;

(ഇ) ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അർഹമായ ആനുകൂല്യ ങ്ങൾ യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി.ഡി.സി.ആർ കോഴ്സ് 1998 അദ്ധ്യയനവർഷം ആരംഭിച്ചു. ആ കോഴ്സിന് ആകെ 20 സീറ്റാണ് നിലവിലുള്ളത്. ഇതിൽ 10 സീറ്റുകൾ എം.എ. സൈക്കോളജി പാസ്സായവർക്കും 10 സീറ്റുകൾ എം.എസ്.ഡബ്ല്യൂ പാസ്സായവർക്കുമാണ് അനു വദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടു സീറ്റുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്.

(സി)&(ഡി) ഇല്ല.

(ഇ) സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഈ കോഴ്സിലെ അർഹമായ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

122 (748) പുതിയ വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ പോസ്റ്റ്മാർട്ടം വാർഡ് കെട്ടിടത്തിൽ മുകൾനിലയായി നിർമ്മിച്ചിട്ടുള്ള വാർഡ് ഇതേവരെ തുറന്ന് പ്രവർത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഈ വാർഡ് എത്രയുംപെട്ടെന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ പോസ്റ്റ്മാർട്ടം വാർഡ് പതിനഞ്ചിന പരിപാടിയുടെ ഭാഗമായുള്ള ഫണ്ടിൽനിന്നും 5 ലക്ഷം രൂപ ഉപയോഗിച്ച് പി.ഡബ്ല്യൂ.ഡി. പണിചെയ്തു കഴിഞ്ഞു. എന്നാൽ ഇതുവരെ ആരോഗ്യവകുപ്പിന് കെട്ടിടം കൈമാറിയിട്ടില്ല.

(ബി) കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയതിനുശേഷമേ ഇതിനാവശ്യമായ നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

123 (749) ഗ്രാമപഞ്ചായത്തിന് സ്ഥലം വിട്ടുകൊടുക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിലേയ്ക്ക് ആരോഗ്യവകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര സെന്റ് വീതമാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) പ്രസ്തുത സ്ഥലം വിട്ടുകൊടുക്കാൻ ഇപ്പോൾ എന്താണ് തടസ്സം എന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്ഥലം വിട്ടുകൊടുക്കുന്നതിന് എന്നാണ് ആവശ്യപ്പെട്ടത്;

(ഇ) സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly